**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3080** **13-07-2022 - ൽ മറുപടിയ്ക്ക്**

**കടുത്തുരുത്തി മണ്ഡലത്തിൽ പ്രളയത്തിൽ തകർന്ന പാലങ്ങളുടെ പുനർനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം ജില്ലയിൽ കടുത്തുരുത്തി മണ്ഡലത്തിൽ 2018-ലുണ്ടായ പ്രളയത്തിൽ തകർന്നുപോയ വെമ്പള്ളി-കല്ലോലി പാലം, വയലാ-കോടികുളം പാലം എന്നിവ പുനർനിർമ്മിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഇ-ഫയൽ നമ്പർ ഇ .6024107 പ്രകാരം സമർപ്പിച്ചിരുന്ന നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | ഇ-ഫയൽ നമ്പർ ഇ-6024107 പ്രകാരം സമർപ്പിച്ചിരുന്ന നിവേദനത്തിൽ പരാമർശിച്ചിരുന്ന വെമ്പള്ളി - കല്ലോലി പാലം, വയലാ കോടികുളം പാലം എന്നിവ പുനർ നിർമ്മിക്കാനുള്ള എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ Administrative Sanction കമ്മിറ്റിക്ക് മുമ്പാകെ ഭരണാനുമതിക്കായി സമർപ്പിച്ചിരുന്നുവെങ്കിലും ബജറ്റിൽ 20% വകയിരുത്തിയിട്ടുള്ള പ്രവൃത്തികൾ മാത്രമാണ് 05/05/2022 ന് Administrative Sanction കമ്മിറ്റി പരിഗണിച്ചത്. നിവേദനത്തിൽ പറയുന്ന മാരോഴിക പാലത്തിന്റെ റ്റി.ജി.ഡി.ഡി ലഭ്യമായതിനെ തുടർന്ന് ഡി.പി.ആർ തയ്യാറാക്കി വരുന്നു. മാരോഴിക പാലത്തിന് ബജറ്റിൽ തുക വകയിരുത്തിയിട്ടില്ല. |
| (ബി) | പ്രസ്തുത പാലങ്ങൾ പുനർനിർമ്മിക്കുന്നത് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |
| (സി) | ആയത് സംബന്ധിച്ച ഫയൽ ഇപ്പോൾ ആരുടെ പക്കലാണെന്നും അടിയന്തിരമായി ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ? | (സി) | (എ) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ